# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 623 29/01/2019 ൽ മറുപടിയ്ക്ക്

### സഹകരണ മേഖലയുടെ കെയർ കേരള പദ്ധതി

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | സംസ്ഥാനത്തിനായി സമഗ്ര സഹകരണ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ | ഉണ്ട്. സഹകരണ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള സഹകരണനയം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനത്തിന് പ്രയോജനകരമായി സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി എടുക്കുക എന്നതാണ് ഈ സഹകരണ നയം വിഭാവനം ചെയ്യുന്നത്. നവലിബറൽ നയങ്ങൾ അസമത്വം വർദ്ധിപ്പിക്കുന്ന പശ്ചാത്തലത്തിൽ നാടിന്റെ പൊതുവായ വികസനം രൂപപ്പെടുത്തുന്നതിനും അസമത്വങ്ങൾ കുറയ്ക്കുന്നതിനും ഇടപെടുന്നതിന് സഹകരണ പ്രസ്ഥാനത്തെ പ്രാപ്തമാക്കുക എന്ന കാഴ്ചപ്പാടാണ് സഹകരണ നയത്തിന്റെ അടിസ്ഥാനം. |
| ബി | പ്രളയദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സഹായം നൽകുന്നതിനായി കെയർ കേരള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി | ഉണ്ട്. |
| സി | ഈ പദ്ധതിയിൻകീഴിൽ എത്ര വീടുകളുടെ നിർമ്മാണ ചുമതലയാണ് സഹകരണ മേഖല ഏറ്റെടുത്തിട്ടുള്ളത്; | സി | കെയർ ഹോം പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തൊട്ടാകെ 2000 വീടുകളുടെ നിർമ്മാണ ചുമതലയാണ് സഹകരണ മേഖല ഏറ്റെടുത്തിട്ടുള്ളത്. |
| ഡി | പ്രസ്തുത വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് നിർമ്മാണം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | ഡി | പ്രസ്തുത വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. നിർമ്മാണ പ്രവർത്തനം തുടങ്ങി 3 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ.